പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4415

28 /06/2012 - ൽ മറുപടിക്ക്

## സുഗമമായ ഭക്ഷ്യധാന്യ നീക്കം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ | **ശ്രീ. അനൂപ് ജേക്കബ്.**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) ഭക്ഷ്യധാന്യ നീക്കം സുഗമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; | (എ) ഓരോ മാസത്തെയും അലോട്മെന്റ് തലേ മാസം തന്നെ അനുവദിക്കുകയും ആവശ്യമായ സബ്സിഡി തുക എഫ്.സി.ഐ.യിലേക്ക് മുൻകുറായി ഒടുക്കുകയും ചെയ്തു വരുന്നുണ്ട്. എല്ലാ എഫ്.സി.ഐ. ഡിപ്പോകളിലും വിതരണത്തിനാവശ്യമായ സ്റ്റോക്ക് ലഭ്യമാക്കുന്നതിന് എഫ്.സി.ഐ. നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. എഫ്.സി.ഐ. ഡിപ്പോകളിലെ തൊഴിലാളികളുടെ സമരം, ലോറിയുടമകളുടെ സമരം തുടങ്ങിയ കാരണങ്ങളാൽ ചില മാസങ്ങളിൽ ചില ഡിപ്പോകളിൽ നിന്നുള്ള വിതരണം മുടങ്ങാറുണ്ടെങ്കിലും സമരങ്ങൾ എത്രയും വേഗം തീർക്കുന്നതിന് ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും മന്ത്രി തലത്തിലും ചർച്ചകൾ നടത്തി പരിഹാരമാർഗ്ഗങ്ങൾ തേടാറുണ്ട്, കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ലാപ്സ് ആകാതെ മുഴുവൻ വിട്ടെടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്; |
| ബി) എഫ്.സി.ഐ. സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ, അംഗീകൃത റേഷൻ മൊത്ത വിതരണക്കാരുടെ സംഘടനാ പ്രതിനിധികൾ തുടങ്ങിയവരുമായി ഇതു സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ടോ; | (ബി) എഫ്.സി.ഐ. ഉദ്യോഗസ്ഥർ മൊത്ത വ്യാപാരികളുടെ സംഘടനാ പ്രതിനിധികൾ തുടങ്ങിയവരുമായി സെക്രട്ടറി തലത്തിലും ഭക്ഷ്യമന്ത്രിയുടെ അധ്യക്ഷതയിലും നിരവധി ചർച്ചകൾ നടത്തിയിട്ടുണ്ട്. |

(സി) എന്തെല്ലാം കാര്യങ്ങളാണ് ചർച്ച യിൽ തീരുമാനിച്ചിട്ടുളളത്; വിശദ മാക്കുമോ;

(സി) ഓരോ മാസത്തെയും അലോട്മെന്റ് വിട്ടെടു ക്കുന്നതിന് പ്രതിവാര ഷെഡ്യൂൾ ഉണ്ടാ ക്കുന്നതിനും സബ്സിഡി തുക തലേ മാസം 20 നു മുമ്പായി എഫ്.സി.ഐ..യിൽ ഒടുക്കുന്ന തിനും തീരുമാനമെടുത്തു. മൊത്ത വ്യാപാരി കൾക്ക് റേഷൻ സാധനങ്ങൾ കൊണ്ടു പോകുന്നതിന് സ്വന്തം വാഹനങ്ങൾ ഉപയോഗി ക്കുന്നതിന് അനുമതി നൽകണമെന്നും തീരു മാനമായി. വിട്ടെടുക്കൽ ത്വരിതപ്പെടുത്തുന്ന തിനായി തുടർച്ചയായി വാഗണുകൾ വരുന്ന ദിവസം എക്സ് വാഗൺ ആയി സ്റ്റോക്ക് വിട്ടു നൽകുന്നതിനും തീരുമാനമായി.

സെക്ഷൻ ഓഫീസർ